**ഫാക്ട് പുനരുദ്ധരിക്കാൻ നടപടി**

5 [3443] *ശ്രീ. കെ. കെ. ജയചന്ദ്രൻ:*
,, *എം. വി. ഗോവിന്ദൻ മാസ്റ്റർ:*
,, *ടി. കെ. ബാലൻ:*
,, *മഞ്ഞളാംകുഴി അലി:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ട് പുനരുദ്ധരിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) പുനരുദ്ധാരണ പദ്ധതി സമർപ്പിച്ച സംസ്ഥാന ഗവൺമെന്റ്, എം. പി.മാരും കേന്ദ്ര ഗവൺമെന്റുമായി നടത്തിയ ചർച്ചകളുടെയും മറ്റും ഫലമായി ഏറ്റവും ഒടുവിൽ എത്തിയ നിഗമനങ്ങളും തീരുമാനങ്ങളും വിശദമാക്കാമോ;

(സി) പുനരുദ്ധാരണത്തിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുവച്ച എന്തെല്ലാം നിർദ്ദേശങ്ങൾ സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കുകയുണ്ടായി; ഏതെല്ലാം സംഗതികളിൽ തുടർനടപടികൾ ഉണ്ടായിട്ടുണ്ട്?

*ഉത്തരം*

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനർനിർമ്മാണ ബോർഡിന്റെ പരിഗണനയിൽപ്പെട്ട ഒരു സ്ഥാപനമാണ് ഫാക്ട്. ഇതു സംബന്ധിച്ച് കമ്പനി കേന്ദ്ര സർക്കാരിന് സമഗ്രമായ ഒരു പുനരുദ്ധാരണ പദ്ധതി സമർപ്പിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഫാക്ട് പുനരുദ്ധാരണത്തിന്റെ ഭാഗമായി സംസ്ഥാന എം. പി. മാരും കേന്ദ്ര ഗവൺമെന്റുമായി നടത്തിയ ചർച്ചകളുടെയും മറ്റും ഫലമായി ഇതിലേയ്ക്കാവശ്യമായ ആനുകൂല്യങ്ങളും നിർദ്ദേശങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ് എന്നറിയുന്നു.

(സി) ഫാക്ടിന് പാട്ടമായി നൽകിയിട്ടുള്ള ഭൂമിയിൻമേൽ ലീസ് റെന്റിന്റെ സ്റ്റാറ്റസ്കോ നിലനിർത്തിയിട്ടുണ്ട്. ഇതുപ്രകാരം ഫാക്ടിന് 2.50 കോടി രൂപയുടെ സാമ്പത്തിക നേട്ടം ഉണ്ടാകാനിടയുണ്ട്. ഫെർണസ് ഓയിൽ/ എൽ. എസ്. എച്ച്. എസ്.-ന്റെ റിൽപ്പന നികുതി 17 ശതമാനത്തിൽ നിന്ന് 4 ശതമാനമായി കുറയ്ക്കുന്നതിനുള്ള നിർദ്ദേശം കേരള സർക്കാർ പരിഗണിച്ച് വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly